Draft #1 of File 164450/AC A5-3/2021/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Dec-2021 12:10 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കോളേജ് ട്രാൻസ്ഫർ -U G -2021 -22 അക്കാദമിക് വർഷം - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 6905/AC A 5/2021/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 09.12.2021

---

*പരാമർശം:*-1. കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ട് ഓൺലൈൻ പോർട്ടൽ മുഖേന വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ

2. സ.ഉ.നം. 4821/AC A 5/2020/എം.ജി.യു. തീയതി 20.10.2020

**ഉത്തരവ്**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നാലാം സെമസ്റ്റർ 2021 -22 അക്കാദമിക് വർഷം പഠിക്കുന്ന വിദ്യാർത്ഥികൾ(U.G) കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ട് പരാമർശം(1) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു.

കോളേജ് ട്രാൻസ്ഫർ ഗൈഡ് ലൈൻസ് അനുസരിച്ച് മുൻ സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞ ശേഷമേ വിദ്യാർത്ഥികൾക്ക് കോളേജ്ട്രാൻഫറിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന പ്രിൻസിപ്പലിന്റെ കത്ത് കൂടി വെച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

എന്നാൽ, കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ രണ്ടാം സെമസ്റ്റർ പരീക്ഷ നടന്നിട്ടില്ലാത്തതിനാൽ, പരാമർശം (2) പ്രകാരം 2020-21 അക്കാദമിക് വർഷത്തെ മൂന്നാം സെമസ്റ്ററിലേക്കുള്ള കോളേജ് ട്രാൻസ്ഫർ അപേക്ഷകളിൽ, മുൻ സെമസ്റ്റർ പരീക്ഷ നടന്നിരിക്കണം എന്നും പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നും നിഷ്കർഷിക്കാതെ നടപടി സ്വീകരിക്കുന്നതിന് വൈസ് ചാൻസലർ അനുവാദം നൽകിയിരുന്നു .

2, 3 സെമസ്റ്റർ പരീക്ഷകൾ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ കഴിഞ്ഞ അധ്യയന വർഷത്തിൽ അനുവദിച്ചത് പോലെ മുൻ സെമസ്റ്റർ പരീക്ഷ നടന്നിരിക്കണം എന്നും പരീക്ഷയിൽ malpractice നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം എന്നും നിഷ്കർഷിക്കാതെ 2021 - 22 അധ്യയന വർഷത്തിലെ കോളേജ് ട്രാൻസ്ഫറിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3, ഛേദം 10(17) പ്രകാരം ബഹു . വൈസ് ചാൻസലർ അനുവാദം നൽകിയിരിക്കുന്നു .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി എസ്

2.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ

3.ജെ ആർ II (അഡ്മിൻ )/ഡി ആർ II (അക്കാദമിക് )/എ ആർ III(അക്കാദമിക് )

4.എ സി സി 1/എ സി എ 3/ CETEX

5.സി എം എസ് /IQAC

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 164450/AC A5-3/2021/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 09-Dec-2021 12:10 PM - Page 2